സാനിട്ടേഷൻ, വിദ്യാഭ്യാസ പരിപാടികൾ, ആരോഗ്യപദ്ധതികൾ, സ്വയംതൊഴിൽ പരിപാടികൾ എന്നിവയ്ക്കാണ്.

(ബി) & (സി) നടുവിൽ പഞ്ചായത്തിലെ ഉത്തൂർ ട്രൈബൽ കോളനി വൈദ്യുതീകരണത്തിനുള്ള പ്രോജക്ട് പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്; പരിഗണനയിലാണ്. പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലി ട്രൈബൽ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ഡി) പട്ടികവർഗ്ഗ ഉപപദ്ധതി/പ്രത്യേക ഘടകപദ്ധതി, കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് 51% കുടുംബങ്ങളെങ്കിലും പട്ടികജാതി പട്ടികവർഗ്ഗക്കാരാണെന്നുള്ള മാനദണ്ഡത്തിന്റെയും ആ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയും കണക്കിലെടുത്താണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

ചിത്തപ്പാറ ട്രൈബൽ കോളനി വൈദ്യുതീകരണം

29 [609] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽപ്പെടുത്തി 2004-2005, 2005-2006 വർഷങ്ങളിൽ വൈദ്യുതീകരിക്കുവാൻ തെരഞ്ഞെടുത്ത എസ്.സി./എസ്.ടി. കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പയ്യാവൂർ പഞ്ചായത്തിലെ ചിത്തപ്പാറ ട്രൈബൽ കോളനിയിലെ വീടുകളുടെ വയറിംഗ് പൂർത്തിയായോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വൈദ്യുതികണക്ഷൻ നൽകാനുള്ള കാലതാമസത്തിന് കാരണം എന്താണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ മാനദണ്ഡങ്ങൾക്കനുസൃതമായി വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളും സങ്കേതങ്ങളും വൈദ്യുതീകരിക്കുന്നതിലേക്കായി 10 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് 2004-2005-ൽ വകയിരുത്തി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പ്രോജക്ടുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) & (സി) പയ്യാവൂർ പഞ്ചായത്തിലെ ചിത്തപ്പാറ ട്രൈബൽ കോളനിയിലെ വീടുകളുടെ വയറിംഗ് പരിപാടി നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്താണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly